## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1372 — 30.09.2011-ൽ മറുപടിക്ക്

### അഗ്രികൾച്ചർ റിസർച്ച് ആൻറ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ.ശശീന്ദ്രൻ | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) വിദ്യാർത്ഥികളിലും യുവാക്കളിലും കാർഷികാഭിരുചി വളർത്താൻ കേന്ദ്ര സഹായത്തോടെ അഗ്രികൾച്ചർ റിസർച്ച് ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | എ) അഗ്രികൾച്ചർ റിസർച്ച് ആന്റ് ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | ബി) കണ്ണൂർ ജില്ലയിലെ കുത്തു പറമ്പിൽ |
| സി) മലബാറിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ച് ഈ ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | സി) നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ